Vol-1,N0:34
20-12-2007

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

**സമാഗതമാകുന്ന തിരുപ്പിറവിയുടേയും പുതുവത്സരത്തിന്റേയും ആശംസകൾ.........**

**ഐക്യ-ജാഗ്രതാ കമ്മീഷൻ**

പ്രധാനവാർത്തകൾ

01. കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷനു പുതിയ ചെയർമാൻ: ഐക്യ-ജാഗ്രതാ കമ്മീഷൻ
02. കെ.സി.ബി.സി. തീരുമാനങ്ങൾ
03. കേരളത്തിലെ ക്രിസ്തീയ മെത്രാൻമാരുടെ സമ്മേളനത്തില തീരുമാനങ്ങൾ
04. കത്തോലിക്കാസഭയുടെ ചെലവിൽ കമ്മ്യൂണിസം വളർത്തേണ്ട: ന്യൂനപക്ഷാവകാശ സംരക്ഷണസമിതി
05. വിമർശിക്കുന്നവർ ഭരണഘടന അറിയാത്തവർ :സഭാന്തര സമിതി.
06. കഴിയുന്നത്ര മക്കളെ ക്രൈസ്തവവിദ്യാലയങ്ങളിൽത്തന്നെ പഠിപ്പിക്കണം: ഐക്യ-ജാഗ്രതാ കമ്മീഷൻ

### 01. കെ.സി.ബി.സി. ഐക്യ-ജാഗ്രതാ കമ്മീഷനു പുതിയ ചെയർമാൻ :ഐക്യ-ജാഗ്രതാ കമ്മീഷൻ

ഐക്യ ജാഗ്രതാ കമ്മീഷന്റെ പുതിയ ചെയർമാനായി റൈറ്റ്.റവ.ഡോ. സ്റ്റാൻലി റോമൻ പിതാവിനെ കെ.സി.ബി.സി. തെരഞ്ഞെടുത്തു. കൊല്ലം രൂപതാദ്ധ്യക്ഷനാണദ്ദേഹം. ഐക്യ-ജാഗ്രതാ കമ്മീഷന്റെ വൈസ് ചെയർമാൻ മോറാൻ മോർ ബസേലിയൂസ് ക്ലീമിസ് കാതോലിക്കാ ബാവ, ബിഷപ് തോമസ് ചക്യത്ത്, ബിഷപ് ജോസഫ് കല്ലറങ്ങാട്ട് എന്നിവരാണ്. കമ്മീഷൻ ചെയർമാനും അംഗങ്ങൾക്കും അഭിനന്ദനങ്ങളും സ്വാഗതവും നേരുന്നു. കഴിഞ്ഞ ഒരു വർഷമായി കമ്മീഷൻ ചെയർമാനായിരുന്ന ആർച്ച് ബിഷപ് ജോസഫ് പവ്വത്തിലിനും വൈസ് ചെയർമാനായിരുന്ന ആർച്ച് ബിഷപ് ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിനും ഐക്യ-ജാഗ്രതാ കമ്മീഷന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു. കമ്മീഷൻ ചെയർമാനായിരുന്ന ആർച്ച് ബിഷപ് ജോസഫ് പവ്വത്തിൽ പിതാവിന്റെ ശക്തമായ നേതൃത്വത്തിൽ വളരെയധികം പ്രവർത്തനങ്ങൾ കാഴചവെയ്ക്കുവാൻ ഐക്യ-ജാഗ്രതാ കമ്മീഷനു സാധിച്ചു.

### 02. കെ.സി.ബി.സി. ഡിസംബർ 12, 13 തീയതികളിൽ കൈക്കൊണ്ട തീരുമാനങ്ങൾ

1. **ന്യൂനപക്ഷാവകാശം:** കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് നൽകിയിരിക്കുന്ന അവകാശങ്ങൾ അതേപടി നിലനിറുത്താനും ന്യൂനപക്ഷാവകാശങ്ങളിലുള്ള കടന്നുകയറ്റം ശക്തിയുക്തം നേരിടുവാനും മെത്രാൻ സമിതി തീരുമാനിച്ചു. ഗവൺമെന്റുമായുള്ള പ്രശ്നങ്ങൾക്ക് മെത്രാൻ സമിതി ചർച്ചയ്ക്ക് തയ്യാറാണെങ്കിലും ജനാധിപത്യവ്യവസ്ഥയിൽ നിന്നുകൊണ്ട് ഭരണഘടനയ്ക്ക് വിധേയമായി മാത്രമേ ചർച്ചയ്ക്ക് സാധ്യതയുള്ളൂ എന്ന് തീരുമാനിച്ചു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള കമ്മീഷനായിരിക്കും ഈ മേഖലയിൽ നിലവിലുള്ള പ്രശ്നപരിഹാരത്തിന് പരിശ്രമിക്കുക.

2. **ഈശ്വരവിശ്വാസവും നിരീശ്വരവാദവും:** ഈശ്വരവിശ്വാസത്തെയും നിരീശ്വരവാദത്തെയും കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന ആശയക്കുഴപ്പം പരിഹരിക്കാൻ കെ.സി.ബി.സി. തീരുമാനിച്ചു. സഭയിൽ ഇതേക്കുറിച്ച് ആശയക്കുഴപ്പമില്ല. ദൈവവിശ്വാസികളുടെ കൂട്ടായ്മയാണ് സഭാമക്കൾ. ദൈവവിശ്വാസം ഇല്ലാത്തവർക്ക് സഭാംഗമായി പ്രവർത്തിക്കാൻ സാധ്യമല്ല. ഈ ആശയം വ്യക്തമാക്കുന്നതിന് ഈശ്വരവിശ്വാസത്തെക്കുറിച്ച് പൊതുഇടയലേഖനം 2008 ഫെബ്രുവരി മാസത്തിൽ ഞായറാഴ്ച കേരളത്തിലെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും വായിക്കും. പ്രസ്തുത ഇടയലേഖനം കുടുംബയോഗങ്ങളിലും കത്തോലിക്കാസഭയുടെ വിവിധങ്ങളായ സംഘടനാതലത്തിലും ചർച്ചയ്ക്കും പഠനത്തിനും വിധേയമാക്കും.

**3. കേരളത്തിലെ ധ്യാനകേന്ദ്രങ്ങൾക്ക് മാർഗരേഖ:** കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ധ്യാനകേന്ദ്രങ്ങളെക്കുറിച്ച് മെത്രാൻ സമിതിയുടെ കരിസ്മാറ്റിക് കമ്മീഷൻ തയ്യാറാക്കിയ പഠനത്തിന്റെവിലയിരുത്തലുകളും നിർദ്ദേശങ്ങളും മെത്രാന്മാർ ചർച്ചചെയ്തു. ചർച്ചയുടെ വെളിച്ചത്തിൽ ധ്യാനകേന്ദ്രങ്ങളുടെ നടത്തിപ്പിനായി താമസംവിനാ മാർഗ്ഗരേഖ തയ്യാറാക്കും. ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലായിരിക്കും കേരളത്തിലെ ധ്യാനകേന്ദ്രങ്ങൾ പ്രവർത്തിക്കുക.

**4. സെമിനാരി സന്യസ്ത പ്രവേശനത്തിന് മാർഗരേഖ:** പൗരോഹിത്യത്തിലേക്കും സന്യാസഭകളിലേക്കും യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി കെ.സി.ബി.സി.യുടെ വൊക്കേഷൻ കമ്മീഷൻ മാർഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കും. പൗരോഹിത്യത്തിന്റെയും സന്യാസത്തിന്റെയും മഹനീയതയ്ക്കനുസരിച്ച് ജീവിക്കുന്നവരെ മാത്രം തെരഞ്ഞെടുക്കാനും എണ്ണത്തെക്കാൾ അധികം ഗുണനിലവാരം അടിസ്ഥാനമാക്കി ഈ മഹനീയപദവിയിൽ വ്യക്തികളെ ചേർക്കാൻ പാടുള്ളൂ എന്ന് സമിതി തീരുമാനിച്ചു.

**5. കെ.സി.ബി.സി.ക്ക് പുതിയ ഭരണഘടന:** നിലവിലുള്ള കെ.സി.ബി.സി.യുടെ ഭരണഘടന പരിഷ്കരിക്കാൻ തീരുമാനിച്ചു. മെത്രാൻ സമിതിയുടെ ഭരണഘടന പരിഷ്കാരത്തിന് മാനന്തവാടി ബിഷപ്പ് മാർ ജോസ് പൊരുന്നേടം, തിരുവല്ല ആർച്ച്ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ്, പുനലൂർ ബിഷപ്പ് ജോസഫ് കരിയിൽ എന്നിവരെ കെ.സി.ബി.സി. ചുമതലപ്പെടുത്തി.

**6. കേരളസഭാരത്നം അവാർഡ്:** ചെറുപുഷ്പമിഷൻ ലീഗിന്റെ സ്ഥാപകനായ കുഞ്ഞേട്ടൻ എന്നറിയപ്പെടുന്ന പാലാ രൂപതാംഗമായ എബ്രഹാം പുല്ലാട്ടുകുന്നേലിന് കേരളസഭാരത്നം എന്ന അവാർഡ് നൽകാൻ തീരുമാനിച്ചു. ആദ്യമായാണ് കേരള കത്തോലിക്കാ മെത്രാൻ സമിതി ഇത്തരത്തിൽ ഒരു അവാർഡ് അല്മായന് നൽകുന്നത്. സഭയ്ക്കും സമൂഹത്തിനും നൽകിയ പ്രത്യേക സേവനം പരിഗണിച്ചാണ് കെ.സി.ബി.സി. കേരള സഭാരത്നം അവാർഡ് നൽകുന്നത്. ജനുവരി 19-ന് ചെറുപുഷ്പമിഷൻ ലീഗിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് ചങ്ങനാശ്ശേരിയിൽവച്ച് അപ്പസ്തോലിക് ന്യുൺഷിയോ പെദ്രോ ലോപ്പസ് ക്വിന്താന അവാർഡ് സമ്മാനിക്കും.

## 03. കേരളത്തിലെ ക്രിസ്തീയ മെത്രാൻമാരുടെ സമ്മേളനത്തിലെ തീരുമാനങ്ങൾ

ഇന്റർ ചർച്ച്കൗൺസിൽ 11-12-2007

ത്യാഗത്തിന്റേയും സമർപ്പണത്തിന്റേയും ശുശ്രൂഷയുടേയും അടയാളമായ കുരിശും ആധിപത്യത്തിന്റെ അടയാളമായി മാറിയ ചുവപ്പുകൊടിയും തമ്മിൽ സമന്വയിപ്പിക്കാനുള്ള ശ്രമം അർത്ഥശൂന്യമാണെന്ന് പരിശുദ്ധ കത്തോലിക്കാബാവ ബസേലിയൂസ് മാർത്തോമാ ദിദിമൂസ് പ്രഥമൻ ബാവ പ്രസ്താവിച്ചു. എറണാകുളം പി.ഒ.സി.യിൽ നടന്ന ക്രൈസ്തവമെത്രാൻമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാവ തിരുമേനി. ജനന്മയ്ക്കുവേണ്ടിയും സാമൂഹ്യവളർച്ചയ്ക്കുംവേണ്ടി സർക്കാർ എടുക്കുന്ന നിലപാടുകളെ അംഗീകരിക്കാനും ആദരിക്കാനും ക്രൈസ്തവർ എപ്പോഴും മുന്നിലുണ്ട്. എന്നാൽ ജനാധിപത്യവിരുദ്ധവും സർവാധിപത്യപരവുമായ നിലപാടുകൾ എടുക്കുകയും അതിനെ എതിർക്കുന്നവരെ അധിക്ഷേപിക്കുകയും അപമാനിക്കുകയും ചെയ്യുന്ന ഇപ്പോഴത്തെ നിലപാട് ക്രൈസ്തവസഭകൾ ഒരുമിച്ച് എതിർക്കാനും സമ്മേളനം ആഹ്വാനം ചെയ്തു. ഈശ്വരവിശ്വാസത്തിനെതിരായി ഇപ്പോൾ ആസൂത്രിതമായും വ്യാപകമായും നടക്കുന്ന പ്രചരണങ്ങളും വ്യക്തികൾക്കും സമൂഹങ്ങൾക്കും നിലനിൽപ്പിനായുള്ള ഭരണഘടനാപരമായ അവകാശങ്ങൾ കയ്യേറാനുള്ള ഗൂഢതന്ത്രങ്ങളും കേരളത്തിലെ സാമൂഹ്യജീവിതം അപകടകരമാക്കിയിരിക്കുന്നു. അതിനെ ഉത്കണ്ഠയോടെയാണ് ക്രൈസ്തവസഭകൾ കാണുന്നത്.

## 04. കത്തോലിക്കാസഭയുടെ ചെലവിൽ കമ്മ്യൂണിസം വളർത്തേണ്ട:

ന്യൂനപക്ഷാവകാശ സംരക്ഷണ സമിതി. (ദീപിക 11-12-2007)

ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്ന പാർട്ടിയണികളെ പിടിച്ചുനിർത്താൻകത്തോലിക്കാസഭയെ പുലഭ്യം പറയാതെ വയ്യ എന്ന സ്ഥിതിയാണു കമ്മ്യൂണിസ്റ്റുകാർക്കെന്നു ന്യൂനപക്ഷാവകാശസമിതി. പിണറായിവിജയൻ തന്റെ ഗ്രൂപ്പുകാരെ പിടിച്ചുനിർത്താൻ മാർ ചിറ്റിലപ്പിള്ളിയേയും മറ്റും അധിക്ഷേപിച്ചതിനു പിന്നാലെ മറ്റുള്ളവരെ അതേ തന്ത്രം എടുത്തു പ്രയോഗിക്കുകയാണെന്നും അതിന്റെ ഭാഗമായാണ് ഇന്റർചർച്ച് കൗൺസിൽ ചെയർമാൻ മാർ ജോസഫ് പവ്വത്തിലിനെതിരായ അനാവശ്യവിവാദമെന്നും കേരള ജനത ആ വിവാദങ്ങളെ പുച്ഛിച്ചു തള്ളിയെന്നും സമ്മേളനം വിലയിരുത്തി.

വിദ്യാഭ്യാസരംഗം ചുവപ്പണിയിക്കാനും വിദ്യാലയാന്തരീക്ഷം കലാപകലുഷിതമാക്കി നശിപ്പിച്ച് അണികളെ സൃഷ്ടിക്കാനും തത്രപ്പെടുന്ന കമ്യൂണിസ്റ്റ് പാർട്ടിക്കു ക്രൈസ്തവർ, ചോരയും നീരും നൽകി വളർത്തിയെടുത്ത വിദ്യാലയങ്ങൾ അടിയറവെയ്ക്കുകയില്ലെന്നും അതിനെതിരായി ഏതുനീക്കമുണ്ടായാലും ഒറ്റക്കെട്ടായി ക്രൈസ്തവർ രംഗത്തെത്തുമെന്നും സമ്മേളനം പ്രഖ്യാപിച്ചു. മാർ ജോസഫ് പവ്വത്തിൽ പിതാവിനു സമ്മേളനം പൂർണ്ണപിന്തുണ പ്രഖ്യാപിച്ചു. മാർ പവ്വത്തിൽ മെത്രാപ്പോലീത്ത പറഞ്ഞതു ക്രൈസ്തവ ധാർമ്മീകത അഭ്യസിക്കാൻ മക്കളെ ക്രൈസ്തവ വിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്നുതന്നെയാണ്. അതു ഭരണഘടന അനുശാസിക്കുന്ന കാര്യമാണ്. പവ്വത്തിൽ പിതാവിനെ വിമർശിക്കുന്നവർ ഭരണഘടന

വായിച്ചുനോക്കാനെങ്കിലും തയ്യാറാകണം. മാർ പവ്വത്തിലിന്റെ പ്രസ്താവനയെ ദുർവ്യാഖ്യാനം ചെയ്ത് സായൂജ്യമടയാൻ രംഗത്തെത്തുന്ന ചില ബുദ്ധിജീവികളും നേതാക്കന്മാരും സാംസ്കാരിക കേരളത്തിന് അപമാനമാണ്. നന്ദിഗ്രാമിലെ ക്രൂരതകൾ കണ്ടിട്ടും തൂലിക ചലിപ്പിക്കാത്തവർ, വിദ്യാർത്ഥികളും പോലീസുകാരും സാധാരണക്കാരും ക്രൂരമായി മർദ്ദിക്കപ്പെടുമ്പോഴും മൗനം അവലംബിക്കുന്നവർ, അധ്യാപകർ തുണ്ടുതുണ്ടായി മുറിക്കപ്പെട്ടപ്പോഴും അക്ഷരമുരുവിടാൻ കെല്പ്പില്ലാത്തവർ ഇപ്പോൾ മാർ പവ്വത്തിവിനെതിരെ രോഷത്തോടെ കലിതുള്ളുമ്പോൾ അവരുടെ കപടമുഖം കേരളജനത തിരിച്ചറിയുകയാണെന്നു സമ്മേളനം ആരോപിച്ചു.

**05. വിമർശക്കുന്നവർ ഭരണഘടന അറിയാത്തവർ:** സഭാന്തര സമിതി (ദീപിക 8-12-2007)

ഭരണഘടന നിലവിൽ വന്ന് അരനൂറ്റണ്ടായിട്ടും ന്യൂനപക്ഷാവകാശങ്ങളെപ്പറ്റി അറിയാത്തവരാണ് കേരളത്തിലെ ചില മന്ത്രിമാരും നേതാക്കന്മാരുമാണെന്നതു ഖേദകരമാണെന്ന് ഇന്റർ ചർച്ച് കൗൺസിൽഫോർ എഡ്യുക്കേഷൻ. കുട്ടികൾക്ക് തങ്ങളുടെ മതസാംസ്കാരികാന്തരീക്ഷത്തിൽ നല്ല വിദ്യാഭ്യാസം സിദ്ധിക്കാൻ ക്രൈസ്തവർ തങ്ങളുടെ വിദ്യാർത്ഥികളെ കഴിയുന്നത്ര ക്രൈസ്തവവിദ്യാലയങ്ങളിൽ അയയ്ക്കണമെന്ന് മാർ ജോസഫ് പവ്വത്തിൽ പറഞ്ഞത് ആക്ഷേപകരമായും വിഭാഗീയതയായും ചിത്രീകരിക്കുന്നവർ അജ്ഞതയും അസഹിഷ്ണുതയുമാണ് വെളിപ്പെടുത്തുന്നതെന്ന് കൗൺസിൽ പറഞ്ഞു.

തങ്ങളുടെ സർവാധിപത്യശ്രമങ്ങളെ വിമർശിക്കുന്നവരെ നിശബ്ദരാക്കാൻ മെനയുന്ന ഗൂഢതന്ത്രങ്ങൾ വിലപ്പോവില്ല. ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിൽ അവർ പഠിക്കണമെന്ന് തന്നെയാണു ഭരണഘടനയും ഭരണഘടന വ്യാഖ്യാനിച്ചുകൊണ്ടു കോടതി വിധികളും പറയുന്നത്. ഈ നിലപാടനുസരിച്ചാണ് ഇവിടെ വിദ്യാഭ്യാസനിയമങ്ങൾ ഉണ്ടായിരിക്കുന്നത്. ഇതിനു വിരുദ്ധമായ നിയമങ്ങൾ സാധുതയില്ലെന്നു സ്വാശ്രയ വിദ്യാഭ്യാസത്തിലെ പ്രധാന വകുപ്പുകളെല്ലാം റദ്ദു ചെയ്തുകൊണ്ട് കോടതി വ്യക്തമാക്കുകയും ചെയ്തു. ഇതു വിഭാഗീയതയാണെന്നു പറയുന്നവർ യഥാർത്ഥത്തിൽ ആക്ഷേപിക്കുന്നത് ഇന്ത്യൻ ഭടണഘടനയെയാണ്. ക്രൈസ്തവവിദ്യാലയങ്ങൾ എക്കാലവും എല്ലാവർക്കും വേണ്ടി പ്രത്യേകിച്ചു പിന്നോക്കകാർക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ളവയാണ്. കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദം ക്രൈസ്തവവിദ്യാലയങ്ങൾ പഠിപ്പിച്ച സാഹോദര്യത്തിലും സൗഹാർദത്തിലും സഹവർത്തിത്വത്തിലുമാണു ചെന്നെത്തിനിൽക്കുന്നതെന്നും പ്രസ്താവന ചൂണ്ടിക്കാട്ടുന്നു.

**06. ക്രൈസ്തവമാതാപിതാക്കൾ തങ്ങളുടെ മക്കളെ കഴിയുന്നത്ര ക്രൈസ്തവവിദ്യാലയങ്ങളിൽത്തന്നെ പഠിപ്പിക്കണം:** ഐക്യ-ജാഗ്രതാ കമ്മീഷൻ

ക്രൈസ്തവമാതാപിതാക്കൾ തങ്ങളുടെ മക്കളെ കഴിയുന്നത്ര ക്രൈസ്തവവിദ്യാലയങ്ങളിൽത്തന്നെ പഠിപ്പിക്കണമെന്നുള്ളത് സഭയുടെ ആധികാരിക പ്രബോധനമാണ്. കുട്ടികൾക്ക് തങ്ങളുടെ മത ധാർമ്മിക സാംസ്കാരിക അന്തരീക്ഷത്തിൽത്തന്നെ പരമാവധി രൂപീകരണം കിട്ടണം എന്നുള്ളനിലപാടാണ് ഇതിന് അടിസ്ഥാനം. പതിനൊന്നാം പീയൂസ് മാർപ്പാപ്പ "ദിവിനി ഇല്ലിയൂസ് മജിസ്ത്രി" എന്ന പ്രബോധനത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ 1954ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായും മാതാപിതാക്കൾക്കുള്ള പ്രബോധനത്തിൽ ഇക്കാര്യം തന്നെ കത്തോലിക്കാ മാതാപിതാക്കൻമാരെ ഓർമ്മിപ്പിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ കത്തോലിക്കാ മാതാപിതാക്കൻമാരുടെ ഉത്തരവാദിത്ത്വങ്ങളെ അനുസ്മരിച്ചുകൊണ്ട്"കത്തോലിക്കാ മാതാപിതാക്കൻമാർക്ക് അനുകൂലസാഹചര്യങ്ങളിലെല്ലാം കത്തോലിക്കാ വിദ്യാലയങ്ങളിൽ കുട്ടികളെ അയയ്ക്കാനും കഴിവിനുസരിച്ച് കത്തോലിക്കാ സ്കൂളുകളെ സഹായിക്കാനും കടമയുണ്ട്."എന്നു പറയുന്നു (G.E.8) . ക്രൈസ്തവർ തങ്ങളുടെ കുട്ടികളെ കഴിയുന്നത്ര ക്രൈസ്തവവാദ്യാലയങ്ങളിൽത്തന്നെ അയയ്ക്കണമെന്നാണ് സഭയുടെ കാനൻ നിയമവും അനുശാസിക്കുന്നത്.( CCEO,Can633#2,CICCan800) അങ്ങനെ കത്തോലിക്കാ വിദ്യാലയങ്ങളിൽത്തന്നെ കഴിയുന്നത്ര തങ്ങളുടെ മക്കളെ അയയ്ക്കാൻ നിയമം മൂലം തന്നെ നിർബന്ധിതരാണ്.

**ന്യൂനപക്ഷാവകാശവും ഭരണഘടനയും**

മതസ്വാതന്ത്ര്യത്തിന്റെയും ഇന്ത്യയുടെ ഉദാത്തമായ മതേതരത്വത്തിന്റേയും അടിസ്ഥാനത്തിലാണ് ഭരണഘടന ന്യൂനപക്ഷാവകാശത്തിനു രൂപം നൽകിയിരിക്കുന്നത്. ഭാഷയുടെയോ മതത്തിന്റെയോ അടിസ്ഥാനത്തിലുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും തങ്ങളുടെ ഇഷ്ടപ്രകാരമുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്താൻ അവകാശമുണ്ട്(30(1)). സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളിൽപ്പെട്ട് ന്യൂനപക്ഷാവകാശം ഒരു മൗലീകാവകാശമാണ്(Fundamental Right) . ഭരണഘടനയുടെ അടിസ്ഥാന സ്വഭാവത്തിന്റെ ഭാഗമായാൽ ഇതിനു വിരുദ്ധമായ നിയമങ്ങൾക്കൊന്നിനും സാധുതയില്ല.

**ന്യൂനപക്ഷാവകാശവും വിദ്യാർത്ഥിപ്രവേശനവും**

സാംസ്കാരികവും മതപരവും ധാർമ്മികവുമായ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും കൈമാറുന്നതിനുമാണ് ന്യൂനപക്ഷാവകാശമായ വിദ്യാഭ്യാസവകാശം നൽകിയിരിക്കുന്നത്. അതിനായി വിദ്യാലയങ്ങൾ സ്ഥാപിച്ച് കഴിയുന്നത്ര തങ്ങലുടെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനും തങ്ങളുടെ ലക്ഷ്യസാക്ഷാത്കാരത്തിനുതകുന്ന അദ്ധ്യാപകരെയും പ്രധാനഅധ്യാപകരെയും നിയമിക്കാനുള്ള

അവകാശമാണിത്. കേരളത്തിൽ ഭാഷാന്യൂനപക്ഷമായ തമിഴർ തങ്ങളുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനായി തമിഴ്സ്കൂൾ നടത്തുമ്പോൾ അവർ തങ്ങളുടെ വിദ്യാർത്ഥികളെ അവിടെയാണല്ലോ അയയ്ക്കേണ്ടത്.

**വിദ്യാഭ്യാസനിയമങ്ങളും വിദ്യാർത്ഥി പ്രവേശവും**

കാലാകാലങ്ങളായി രൂപപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസനിയമങ്ങളെല്ലാം തന്നെ ഈ ന്യൂനപക്ഷാവകാശം അംഗീകരിച്ചുകൊണ്ട് രൂപപ്പെടുത്തിയിട്ടുള്ളതാണ്. അതായത് ഭാഷാമത ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ വിദ്യാലയങ്ങളിൽ പരമാവധി തങ്ങളുടെ കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയണമെന്ന അവകാശം അംഗീകരിച്ച നിയമങ്ങളാണിവയെല്ലാം. ഇതിനു വിരുദ്ധമായ നിലപാടുകളും നിയമങ്ങളും കോടതികൾ റദ്ദു ചെയ്തിട്ടുണ്ട്. 1957ലെ വിദ്യാഭ്യാസനിയമത്തിലെ പ്രധാന വകുപ്പുകൾ റദ്ദു ചെയ്തതും, 2006ലെ സ്വാശ്രയനിയമത്തിലെ പ്രധാന വകുപ്പുകൾ റദ്ദു ചെയ്തതും അവ ഭരണഘടനാപരമായ ന്യൂനപക്ഷാവകാശങ്ങൾക്കു വിരുദ്ധമായതുകൊണ്ടാണ്.

**വിദ്യാർത്ഥി പ്രവേശവും കോടതി വിധികളും**

രാഷ്ട്രപതിയുടെ നിർദ്ദശപ്രകാരം കേരള വിദ്യാഭ്യാസബിൽ -1957പഠിച്ച സുപ്രീം കോടതി ചീഫ് ജസ്റ്റീസ് എസ്.ആർ. ദാസിന്റെ നേതൃത്വത്തിലുള്ള 7അംഗ ജഡ്ജിമാർ നല്കിയ വിധി തീർപ്പിൽ മതന്യൂനപക്ഷങ്ങൾ തങ്ങളുടെ വിദ്യാർത്ഥികളെ തങ്ങളുടെ മതസാംസ്കാരിക അന്തരീക്ഷത്തിൽ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്. “The minorities quite understantably regard it as essential that the education of their children should be in accordance with the teaching of their religion and they hold quit honestly that such an education cannot be obtained in ordinary schools designed for all the members of the public but can only be secured in schools conducted under the influence and guidence of people well versed in the tenets of their religion and the traditions of their culture. The minorities evidently desire that education should be imparted to the children of their community in an atmosphere congeniel to the growth of their culture. Our constitution-makers recognized the validity of their claim and to allay the fears conferred on them the fundamental rights reffered to above” (No. 11). ഇതിൽനിന്നും ക്രൈസ്തവമാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികളെ ക്രൈസ്തവവിദ്യാലയങ്ങളിൽ അയക്കാനുള്ള അവകാശം വ്യക്തമാണല്ലോ. അതുപോലെ സെന്റ് സേവിയേഴ്സ് കോളേജിന്റെ വിധിതീർപ്പിൽ (St.Xavier’s college V. state of Gujarath.) സുപ്രീം കോടതി ജഡ്ജി കെ.കെ. മാത്യു ക്രൈസ്തവവിദ്യാർത്ഥികൾ ക്രൈസ്തവവിദ്യാലയത്തിൽ പഠിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്. “ As a matter of fact, according to several religious minorities, the state maintains a system of schoools and colleges which is not completely satisfactory to them, in as much as no place is given to religion and morality. The sheer omission of religion from the curriculum is itself a pressure against religion. Since they realize that the teaching of religion and instruction in the secular branches cannot rightfully or successfully be separated one from the other, they are compelled to maintain their own systems of schools and colleges for general education as well as for religious instruction.”(154) .

**ക്രൈസ്തവവിദ്യാലയങ്ങളുടെ നിലപാട്**

ക്രൈസ്തവവിദ്യാലയങ്ങൾ ഇന്ത്യൻ മതേതരത്വത്തിൽ ഊന്നിനിന്ന് മറ്റു മതവിശ്വാസികളോട് ആദരവും സൗഹാർദ്ദവും വളർത്തുന്നവയാണ്. നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന മതസൗഹാർദ്ദത്തിന്റെ അടിസ്ഥാനം വിവിധ മതവിശ്വാസികൾക്കിടയിൽ പരസ്പരം സ്നേഹവും, ആദരവും, ഊട്ടി വളർത്തുന്ന മറ്റുള്ളവരുടെ സ്വാതന്ത്ര്യം അംഗീകരിക്കുന്ന ക്രൈസ്തവവിദ്യാലയങ്ങൾ തന്നെയാണ്. ക്രൈസ്തവവിദ്യാലയങ്ങളിൽ എക്കാലവും എല്ലാ മതവിശ്വാസികളും, പ്രത്യേകിച്ച് പിന്നോക്കക്കാരും പഠിച്ചിരുന്നു. ഇപ്പോഴും പഠിക്കുകയും ചെയ്യുന്നു. എക്കാലവും സഭയുടെ നിലപാട് ഇന്നുള്ളതുപോലെതന്നെ തുറന്ന നിലപാടായിരിക്കും

ക്രൈസ്തവർ തങ്ങളുടെ മതപരവും സാംസ്കാരികവും ധാർമ്മികവുമായ മൂല്യങ്ങൾ സംരക്ഷിക്കാനും കൈമാറാനുമായി നടത്തുന്ന വിദ്യാലയങ്ങളിൽ ക്രൈസ്തവവിദ്യാർത്ഥികളെ കഴിയുന്നത്ര പഠിപ്പിക്കണമെന്ന നിലപാടിൽ ഉറച്ചു നിന്ന് പരമാവധി മറ്റു മതസ്ഥരായ വിദ്യാർത്ഥികൾക്കുകൂടി പ്രവേശനം നല്കുന്ന രീതിയാണ് ക്രൈസ്തവരുടേത്.

**ക്രൈസ്തവർ തങ്ങളുടെ മക്കളെ കഴിയുന്നത്ര ക്രൈസ്തവവിദ്യാലയങ്ങളിൽ പഠിപ്പിക്കണമെന്നു പറയുന്നത് വിവാദമാക്കുന്നവർ .**

-ഭരണഘടനയെപ്പറ്റിയുള്ള അജ്ഞത വെളിപ്പെടുത്തുന്നു.
-ഭരണഘടനാപരമായ ന്യൂനപക്ഷാവകാശത്തെ അട്ടിമറിക്കാൻ നോക്കുന്നു.
-ന്യൂനപക്ഷാവകാശം വിഭാഗീയത വളർത്തുമെന്ന വ്യാജപ്രചരണം നടത്തുന്നു.
-തങ്ങളുടെ അസഹിഷ്ണുത വ്യക്തമാക്കുന്നു.
-മതം തികച്ചും വ്യക്തിപരമാണെന്നുള്ള നിലപാടിൽ അതിന്റെ സാമൂഹ്യവശം തമസ്കരിക്കുന്നു.
-മതവിശ്വാസവും വർഗ്ഗീയതയും ഒന്നാണെന്ന് പ്രചരണം നടത്തുന്നു.
-മതവിശ്വാസം പിന്തിരിപ്പനും മതനിഷേധം പുരോഗമനപരമാണെന്നും പ്രചരിപ്പിക്കുന്നു.